പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഒക്ടോബർ 11, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16 (*121) കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ നടപടി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസുകൾ, നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ/ഓർഡിനറി ബസുകൾ എന്നിവ ലഭ്യമാക്കിയും ഡെസ്റ്റിനേഷൻ നമ്പറിംഗ്, യൂണിക് ഷെഡ്യൂൾ നമ്പർ, വർക്ക്ഷോപ്പുകളുടെ ആധുനികവൽക്കരണം, ബഡ്ജറ്റ് ടൂറിസം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയും കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ബസ് ഡിപ്പോകൾ ബ്രാന്റ് ചെയ്ത് സൗന്ദര്യവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി Ladies and Family Waiting Area തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് എന്നീ ഡിപ്പോകളിൽ പ്രവർത്തനമാരംഭിക്കുകയും എല്ലാ യൂണിറ്റുകളിലും വ്യാപിപ്പിക്കുന്നതുമാണ്. പൊതു ശൗചാലയങ്ങളുടെ ശുചിത്വം ഉറപ്പാക്കുന്നതിന് അതിന്റെ പ്രവർത്തനം M/s. Sulabh International-ന് കൈമാറുന്നതാണ്. ഫുൾ വാഷ് ചെയ്യുന്ന ബസ്സുകൾക്ക് ബസ് വാഷിംഗ് ഗുണമേന്മ പരിശോധനാ ഷീറ്റ് ഏർപ്പെടുത്തുകയും ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതിന് ഹൗസ് കീപ്പിംഗ് സൂപ്പർ വൈസർ/വെഹിക്കിൾ സൂപ്പർവൈസർ/ ചാർജ്മാൻ എന്നിവരെ ചുമതലപ്പെടുത്തുകയും ഇതിനായി 6 High Pressure pump-കൾ മേജർ യൂണിറ്റുകളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റീജിയണൽ/സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി ശീതീകരണ സംവിധാനം ഏർപ്പെടുത്തുകയും അധിക ജീവനക്കാരെ നിയോഗിച്ച് ആധുനിക ടൂൾസും എക്യൂപ്മെന്റ്സും ലഭ്യമാക്കി എഞ്ചിൻ പ്രൊഡക്ഷൻ വർദ്ധിപ്പിച്ചതിലൂടെ ബസുകളുടെ ഓഫ്റോഡ് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. കായംകുളം ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും തിരഞ്ഞെടുത്ത 11 ഡിപ്പോകളിൽ പെയിന്റിംഗ് പ്രവൃത്തികൾ നടത്തുന്നതിനും നടപടി

സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചതിനുപുറമെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര, ചിറ്റൂർ, ചാലക്കുടി, എടപ്പാൾ, മാനന്തവാടി, വിതുര എന്നിവിടങ്ങളിലും ആരംഭിക്കുന്നതാണ്. കൂടാതെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തുകയും ആദ്യഘട്ട പരിശീലനം പൂർത്തിയാക്കി 30 പേർ ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് ബയോമെട്രിക് (വിരലടയാളം) അറ്റൻഡൻസ് സിസ്റ്റം, ഇ-ഫയലിംഗ് സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 47 ഡിപ്പോകളിൽ കൊറിയർ സംവിധാനം നടപ്പിലാക്കുകയും വാതിൽപ്പടി സേവനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കി ടിക്കറ്റിങ് സംവിധാനം ഡിജിറ്റൈസ് ചെയ്യുന്നതിനും ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനും ടോൾ പ്ലാസകളിൽ ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ

കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും 14 ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കായി ഡിസംബർ മുതൽ നാളിതുവരെ 883 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ടാർഗറ്റ് നേടുന്ന ജീവനക്കാർക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിക്കുമെന്നും തുക അനുവദിക്കുന്ന മുറയ്ക്ക് മിനി ബസുകൾ വാങ്ങി ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുമെന്നും ഇക്കാര്യത്തിൽ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമെന്നും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആർ.ടി. ഓഫീസുകൾ സിവിൽസ്റ്റേഷനുകളിലേയ്ക്ക് മാറ്റുമെന്നും മന്ത്രി അറിയിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. തൃശ്ശൂർ ബസ് സ്റ്റേഷനിൽ 9 കോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ശക്തൻ തമ്പുരാൻ പ്രതിമ പുനഃസ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ

അന്തിമഘട്ടത്തിലാണെന്നും മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി മാർച്ച് 30-ന് മുമ്പ് കേരളത്തിലെ ബസ് ഡിപ്പോകൾ ശുചീകരണം നടത്തി മനോഹരമാക്കുന്നതാണെന്നും ബ്രെത്ത് അനലൈസർ സംവിധാനമേർപ്പെടുത്തിയതിലൂടെ അപകടമരണ നിരക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും കോവിഡ് കാലത്ത് നിർത്തലാക്കിയ സർവീസുകൾ ലാഭകരമാണോയെന്ന് പരിശോധിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും ദീർഘദൂര സർവീസുകളുടെ യാത്രാസമയ ദൈർഘ്യം കണക്കിലെടുത്താണ് ബസുകൾ ഡിപ്പോയിൽ കയറുന്നതിൽ ക്രമീകരണം വരുത്തിയിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*122) <u>ജൈവ കർഷകരെ സഹായിക്കാൻ പദ്ധതി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവ മുൻനിർത്തിയുള്ള ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് ജൈവ കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ടെന്നും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൃഷിയിടത്തിൽ തന്നെയുള്ള ജൈവ വസ്തുക്കളെ വളമാക്കി മാറ്റിയും കർഷക സംഘങ്ങൾ മുഖേന

ഉല്പാദനോപാധികൾ കുറഞ്ഞ ചെലവിൽ നിർമ്മിച്ചും സൂക്ഷ്മ ജീവാണുവളങ്ങളുടെ ബയോ ക്യാപ്സ്യൂളുകളും മറ്റ് ഉൽപ്പാദനോപാധികളും ഉപയോഗപ്പെടുത്തി ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും ജൈവകൃഷി ആദായകരമാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കർഷകർ, കൃഷിക്കൂട്ടങ്ങൾ/ജൈവകർഷക സ്വയംസഹായ സംഘങ്ങൾ/ കർഷക ഉല്പാദന സംഘടനകൾ എന്നിവരിലൂടെ മണ്ണിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തിയും മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചും കാർഷിക പാരിസ്ഥിതിക മേഖലയ്ക്ക് അനുയോജ്യമായ ജൈവ കാർഷിക മുറകൾ കണ്ടെത്തിയും സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ്, ബയോ ഫെർട്ടിലൈസർ & ക്വാളിറ്റി കൺട്രോൾ ലാബ്, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചും ജൈവകൃഷി സാധ്യമാക്കിയിട്ടുണ്ട്. ജൈവ സർട്ടിഫിക്കേഷനിലൂടെ ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തി ബ്രാൻഡ് ചെയ്ത് വിപണി ഉറപ്പാക്കിയും KABCO മുഖാന്തരം ജൈവ ഉല്പന്നങ്ങൾ എക്സ്പോർട്ട് ചെയ്തും ജൈവകൃഷി ആദായകരമാക്കാൻ സാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ

ജൈവ കാർഷിക മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിർവഹണ മോണിറ്ററിങ് സംവിധാനമേർപ്പെടുത്തി പ്രവർത്തന രൂപരേഖ തയ്യാറാക്കിവരികയാണ്. ജൈവകാർഷിക മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ജൈവ ഉത്പാദനോപാധികൾ പ്രാദേശികാടിസ്ഥാനത്തിൽ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യുന്ന യൂണിറ്റുകൾക്കും പരിശീലനം നൽകിവരുന്നുണ്ട്. ജൈവ ഉല്പന്നങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, കൃഷി വകുപ്പിന്റെ പോഷക സമൃദ്ധി മിഷനുമായി ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുക, മൂല്യവർദ്ധിത കാർഷിക മിഷൻ, കേരള അഗ്രോ ബിസിനസ്സ് കമ്പനി എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. സമേതി മുഖേന പി.ജി.എസ്. സർട്ടിഫിക്കേഷനും മറ്റ് ഏജൻസികൾ മുഖാന്തരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക്ക് പ്രൊഡക്ഷൻ (NPOP) സർട്ടിഫിക്കേഷനും നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ജൈവ ഉല്പാദനോപാധികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്

(IISR) എന്നീ സ്ഥാപനങ്ങളുമായി സാങ്കേതികവിദ്യ കൈമാറ്റത്തിനും ആവശ്യമായ ജീവാണുവളങ്ങളുടെ ഇനോകുലം ലഭ്യമാക്കുന്നതിനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ജൈവവളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് പട്ടാമ്പിയിലും വെള്ളായണി കാർഷിക കോളേജിലും ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ടെന്നും ജൈവ കൃഷിയുമായി ബന്ധപ്പെട്ട നിലമൊരുക്കൽ, ജലസേചന സൗകര്യമൊരുക്കൽ, വളം നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം തയ്യാറാക്കൽ എന്നിവയ്ക്ക് MGNREGS-ന്റെ പിന്തുണയും ഉറപ്പാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ജൈവ സർട്ടിഫിക്കേഷനുവേണ്ടി 150 ലക്ഷം രൂപയും ഉത്തമകൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്ററുകൾ, പി.ജി.എ. സർട്ടിഫിക്കേഷൻ എന്നിവയ്ക്കായി 100 ലക്ഷം രൂപ വീതവും ജൈവവളത്തിന്റെ ഉൽപ്പാദനത്തിന് 600 ലക്ഷം രൂപയും വി.എഫ്.പി.സി.കെ. വഴിയുള്ള ജൈവ പച്ചക്കറി കൃഷിക്ക് 49 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 800-ലധികം ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിംഗിൽ ഓൺലൈൻ സൈറ്റുകളിൽ ലഭ്യമാക്കുകയും കേരളാ ഗ്രോ ബ്രാൻഡഡ് ഷോറൂം, മില്ലറ്റ് കഫെ എന്നിവ തിരുവനന്തപുരത്ത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചെണ്ടുമല്ലി ഉൾപ്പെടെയുള്ള തനത് പുഷ്പകൃഷിയിലൂടെ മിത്രകീടങ്ങളെ ആകർഷിച്ച് കീടാക്രമണത്തെ

തടയുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും സാധ്യമാകുന്ന സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*123) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിലൂടെ ന്യൂനപക്ഷ ശാക്തീകരണം നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നും നാളിതുവരെ 6300 ഗുണഭോക്താക്കൾക്കായി 250 കോടിയോളം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്വയംതൊഴിൽ, വിദ്യാഭ്യാസം, മൈക്രോ ഫിനാൻസ് (NMDFC), ബിസിനസ്സ് വിപുലീകരണം, പ്രവാസി സ്വയംതൊഴിൽ, വിസ, ഭവന നിർമ്മാണം, വിവാഹം, ചികിത്സ തുടങ്ങിയവയ്ക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ അനുവദിച്ചുകൊണ്ട് ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനം ടി സ്ഥാപനം ഉറപ്പുവരുത്തുന്നുണ്ട്.

ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ 'മാർഗദീപം' എന്ന പുതിയ സ്കോളർഷിപ്പ് പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ടെന്നും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ടെന്നും സർക്കാർ സർവീസിലുൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുംവേണ്ടി 14 പരിശീലന കേന്ദ്രങ്ങളും 27 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ടെന്നും പുതിയ കോച്ചിങ് സെന്ററുകൾ അനുവദിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിദ്യാഭ്യാസ വായ്പയുടെ പലിശ ധനസഹായമായി 2024-25 സാമ്പത്തിക വർഷം 1.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുവേണ്ടി 14 ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഒരുലക്ഷം യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് കേരള നോളജ് എക്കോണമി മിഷനുമായി ചേർന്ന്

പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ടെന്നും സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക പശ്ചാത്തലം സംബന്ധിച്ച പഠന റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19 (*124) <u>തോട്ടവിളകളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, വിള ഇൻഷ്വറൻസ് പദ്ധതി, വിള നാശത്തിനുള്ള നഷ്ടപരിഹാരം, സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ, മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ തോട്ടവിളകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും റബ്ബർ പ്രൊഡക്ഷൻ ബോണസ് പദ്ധതി പ്രകാരം 2024-25 വരെ 2074.31 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. `മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ` പദ്ധതിയിലുൾപ്പെടുത്തി കൊക്കോ കർഷകർക്ക് ധനസഹായം നൽകിവരുന്നുണ്ട്. പ്രാദേശിക കൊക്കോ നഴ്സറികൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ അംഗീകാരം നൽകുന്ന കാര്യം

പരിശോധിക്കുന്നതാണ്. കാർഷിക സർവ്വകലാശാല തോട്ടവിള കർഷകർക്കായി പരിശീലന പരിപാടികളും മറ്റു സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. കേര പദ്ധതിയിൽ റബറും കാപ്പിയും ഉൾപ്പെടുത്തുകയും കാപ്പി കർഷകരെ സംരക്ഷിക്കുന്നതിന് 2021-22-ൽ 498.11 മെട്രിക് ടൺ കാപ്പി സംഭരിക്കുകയും ചെയ്തിട്ടുണ്ട്. കേരള പ്ലാന്റേഷൻ കോർപ്പറേഷനെ ആഗോള ബ്രാൻഡാക്കുക, ആധുനിക വെയർഹൗസുകൾ സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും 30,000 ഹെക്ടറിൽ റബ്ബറും 1360 ഹെക്ടറിൽ കാപ്പിയും റീപ്ലാന്റ് ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണെന്നും റബ്ബർ, കാപ്പി, ഏലം എന്നിവയ്ക്ക് പാർഷ്യൽ ക്രെഡിറ്റ് ഗാരന്റിയായി 165 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.